"ഭരണഭാഷ - മാതൃഭാഷ"

നമ്പർ. ഡി (6)/35826/2018/ഡി.പി.ഐ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി : 31/05/2018

പൊതു വിദ്യാഭ്യാസ ഡയറക്ടർ.

എല്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടർമാർക്കും

സർ,

**വിഷയം:** പൊതു വിദ്യാഭ്യാസം - ജീവനക്കാര്യം - അഡ്-ഹോക് ഡിപ്പാർട്ട്മെന്റ് പ്രൊമോഷൻ കമ്മിറ്റി (ലോവർ) 2018 - കോൺഫിഡൻഷ്യൽ റിപ്പോർട്ട് - സമർപ്പിക്കുന്നത് - സംബന്ധിച്ച് -

**സൂചന :** നോട്ടിഫിക്കേഷൻ നമ്പർ ഡി6/72301/2017/ഡി.പി.ഐ തീയതി: 22-02-2018

----------

2018 വർഷത്തെ ഹെഡ്മാസ്റ്റർ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ സ്ഥാനക്കയറ്റത്തിനുള്ള സെലക്ട് ലിസ്റ്റ് സൂചന പ്രകാരം പ്രസിദ്ധീകരിക്കുകയുണ്ടായി. എന്നാൽ പ്രസ്തുത ലിസ്റ്റ് പ്രസിദ്ധീകരിച്ചതിന് ശേഷം പുതുതായി ഡിപ്പാർട്ട്മെന്റ് ടെസ്റ്റ് യോഗ്യത നേടിയ ഹൈസ്കൂൾ അസിസ്റ്റന്റുമാരെ കൂടി ഉൾപ്പെടുത്തി ഡിപ്പാർട്ട്മെന്റൽ പ്രൊമോഷൻ കമ്മിറ്റി സെലക്ട് ലിസ്റ്റ് റിവൈസ് ചെയ്യുന്നതിനായി നിരവധി അപേക്ഷകൾ ലഭിക്കുകയുണ്ടായി. പ്രസ്തുത അപേക്ഷകൾ ഒരു അഡ്-ഹോക് ഡിപ്പാർട്ട്മെന്റൽ പ്രൊമോഷൻ കമ്മിറ്റി (ലോവർ) യിൽ പരിഗണിക്കേണ്ടതുണ്ട്. ഈ സാഹചര്യത്തിൽ പുതുതായി ഡിപ്പാർട്ട്മെന്റ് ടെസ്റ്റ് യോഗ്യത നേടിയ 1991-96 കാലയളവിലെ ഹൈസ്കൂൾ അസിസ്റ്റന്റ് സീനിയോറിറ്റി പട്ടികയിൽ ഉൾപ്പെട്ട് ഇനിയും സ്ഥാനക്കയറ്റം ലഭിക്കാത്തവരുടെയും 1997-2000 കാലയളവിലെ ഹൈസ്കൂൾ അസിസ്റ്റന്റ് സീനിയോറിറ്റി പട്ടികയിൽ റാങ്ക് 1200 വരെയുള്ളവരിൽ ഇനിയും സെലക്ട് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലാത്തവരുടെയും 01-01-2015 മുതൽ 31-12-2017 വരെയുള്ള 3 വർഷത്തെ കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ വിദ്യാഭ്യാസ ഉപ ഡയറക്ടർമാർ ശേഖരിച്ച് ക്രോഡീകരിച്ച ലിസ്റ്റ് സഹിതം (ടി പ്രൊഫോർമ ഉള്ളടക്കം ചെയ്തിട്ടുണ്ട്) 14-06-2018 ന് മുൻപായി പ്രത്യേക ദൂതൻ മുഖേന ഈ ഓഫീസിൽ എത്തിക്കേണ്ടതാണ്. സർക്കാർ ഏറ്റെടുത്ത പഞ്ചായത്ത് ഹൈസ്കൂൾ അസിസ്റ്റന്റുമാരിൽ ടെസ്റ്റ് യോഗ്യത നേടിയവരുടെയും കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ എത്തിക്കേണ്ടതാണ്. ഡിപ്പാർട്ട്മെന്റ് ടെസ്റ്റ് യോഗ്യത നേടിയിട്ടില്ലാത്തവരുടെ കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ അഡ്-ഹോക് ഡിപ്പാർട്ട്മെന്റൽ പ്രൊമോഷൻ കമ്മിറ്റിക്കായി ഈ ഓഫീസിലേക്ക് അയയ്ക്കാതിരിക്കാൻ വിദ്യാഭ്യാസ ഉപ ഡയറക്ടർമാർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

Saratchandran

ജി.ശരത്ചന്ദ്രൻ,
അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് (ജനറൽ),
പൊതുവിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി

എ.സി-

# PROFORMA

## (To be submitted along with the Confidential Reports for each category)

| Sl No | Rank No in the seniority list | Name, Designation & Official Address | Whether test qualified or not or SC/ST | In the case of HSS/HSST, whether 12 years of continuous grade service has been available | Order No & date of declaration of probation | Whether any disciplinary action initiated or pending | details of periods in which CR is submitting | Contact phone number | Any other remarks |
|---|---|---|---|---|---|---|---|---|---|
| | | | | | | | | | |

Certified that the facts mentioned above are true to best of knowledge in accordance with the relevant documents and found correct.

Place :

Date :

Deputy Director of Education